പതിമൂന്നാം കേരളനിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2921 2.04.2013 ലെ മറുപടിയ്ക്ക്

നിയമനങ്ങളും സ്ഥലംമാറ്റവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ.രാജു.എബ്രഹാം | ശ്രീ.അനൂപ് ജേക്കബ്<br>(ഭക്ഷ്യവും, പൊതുവിതരണവും, ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സിവിൽ സപ്ളൈസ് വകുപ്പിൽ നിയമനങ്ങളിലും സ്ഥലംമാറ്റങ്ങളിലും വ്യാപകമായ ക്രമക്കേടും കോഴയും നടക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) നിയമനത്തിലും സ്ഥലംമാറ്റത്തിനും പിന്നിൽ ഉദ്യോഗസ്ഥരും ചില ഉന്നത ഭരണപക്ഷരാഷ്ട്രീയ നേതാക്കളുമുൾ പ്പെടുന്ന മാഫിയ കൂട്ടുകെട്ടിന്റെ പ്രവർത്തനമാണെന്നകാര്യം പരിശോധിച്ചിട്ടുണ്ടോ; | ബി) നിയമനവും സ്ഥലംമാറ്റവും സംബന്ധിച്ച ഉത്തരവുകൾ കൃത്യമായ മാനദണ്ഡം അനുസരിച്ചാണ് പുറപ്പെടുവിക്കുന്നത്. ഇതു സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ അടിസ്ഥാനരഹിതമാണ്. |
| (സി) ഇതിന്റെ പേരിൽ ഏതെങ്കിലും ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; | സി) ഉദിക്കുന്നില്ല. |
| (ഡി) തിരുവനന്തപുരം മേഖലാ ഓഫീസിൽ 155 പേരെ സ്ഥലംമാറ്റി പുതിയ ജീവനക്കാരെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇത് ഈ മേഖല യിലെ സപ്ളൈകോയുടെ പ്രവർത്തന ത്തെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; | ഡി) സിവിൽ സപ്ളൈസ് കോർപ്പറേഷനിലെ മറ്റ് 4 മേഖലക ളിലേയും ജീവനക്കാരുടെ രൂക്ഷമായ അപര്യാപ്തത കണക്കിലെടുത്തു കൊണ്ട്, തിരുവനന്തപുരം മേഖലയിലെ അധികമുള്ള ജീവനക്കാരെ പുനർവിന്യസിക്കുവാൻ നടപടികൾ ആരംഭിച്ചുവെങ്കിലും, ഇതുവരെയും നടപ്പിലായിട്ടില്ല. ഇത് തിരുവനന്തപുരം മേഖലയിലെ സപ്ളൈകോയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടില്ല. |
| (ഇ) സിവിൽ സപ്ളൈസ് വകുപ്പിൽ നടക്കുന്ന ക്രമക്കേടുകളേയും, നിയമനങ്ങളിലും സ്ഥലംമാറ്റത്തിലുമുള്ള അഴിമതിയേയും സംബന്ധിച്ച് അന്വേഷണം നടത്താൻ തയ്യാറാകുമോ? | (ഇ) വ്യക്തമായ പരാതി ലഭിച്ചാൽ അന്വേഷണം നടത്തുന്നതാണ്. |

Seena

സെക്ഷൻ ഓഫീസർ